# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 868 — 29.09.2016-ൽ മറുപടിക്ക്

## പ്രീ-ഫാബ് വീടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഭവന രഹിതർക്ക് പ്രീ -ഫാബ് വീടുകൾ നിർമ്മിച്ചു നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | സ്വീകരിച്ചുവരുന്നു.<br><br>ദുർബല വിഭാഗത്തിൽപ്പെട്ട ഭൂഭവനരഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന സാഫല്യം ഭവന പദ്ധതിയിലൂടെ എറണാകുളം ജില്ലയിൽ ചോറ്റാനിക്കരയിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യ അനുസരിച്ച് 24 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുള്ള ഭവനരഹിതർക്കുള്ള പദ്ധതിയിലും ഇപ്രകാരം പ്രീ -ഫാബ് സാങ്കേതികവിദ്യയിലുള്ള വീട്ടു നിർമ്മാണം അവലംബിക്കാവുന്നതാണ്.<br><br>കുറഞ്ഞ ചെലവിൽ കുറഞ്ഞ സമയം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാവുന്ന പ്രീഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വീടുകളുടെ നിർമ്മാണം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാന നിർമ്മിതി കേന്ദ്രം ഒരു പുതിയ സംരംഭം ആരംഭിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഒരു മാതൃകാ വീട് പി.റ്റി.പി നഗറിലുള്ള നിർമ്മിതി കാമ്പസിൽ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടിക്കായി പ്രൊജക്റ്റ് മാനേജ് മെന്റ് കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | കൺസൾട്ടൻസി സംബന്ധിച്ച തീരുമാനമൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ